"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - അച്ചടക്ക നടപടിക്കെതിരെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ അഗസ്റ്റിൻ ജോസഫ് സമർപ്പിച്ച പുനഃ പരിശോധനാ ഹർജി -തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.283/2024/TAXES    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. സ ഉ (സാധാ) നം. 949/2022/നി വ തീയതി 09/12/2022

2. ശ്രീ. കെ അഗസ്റ്റിൻ ജോസഫ് 13/02/2023-ൽ സമർപ്പിച്ച പുനഃ പരിശോധനാ ഹർജി

3. എക്സൈസ് കമ്മീഷണറുടെ 08/03/2023 തീയതിയിലെ ഇ എക്സ് സി/5145/2021/ എക്സ്ഇ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന മലബാർ ക്ലബ്ബ് എന്ന സ്ഥാപനത്തിൽ 29.02.2020-ാം തീയ്യതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ 31 കുപ്പി മദ്യം സീൽ പൊടിക്കാത്ത നിലയിൽ സൂക്ഷിച്ച് വെച്ചത് കണ്ടെത്തി കേസെടുത്തതിനെ തുടർന്ന് ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലമ്പൂർ മുൻ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും നിലവിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുമായ ശ്രീ അഗസ്റ്റിൻ ജോസഫിനെതിരെ സ്വീകരിച്ച് വന്നിരുന്ന അച്ചടക്ക നടപടി ടിയാന് "സെൻഷർ" നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു.

2) പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട്ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ.അഗസ്റ്റിൻ ജോസഫ് പരാമർശം (2) പ്രകാരം സമർപ്പിച്ച പുനഃ പരിശോധനാ ഹർജിയിൽ നിലമ്പൂർ എക്സ്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ടിയാൻ 02/09/2019-ന് നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് 180 ദിവസം കഴിഞ്ഞാണ് മലബാർ ക്ലബ്ബ് എന്ന സ്ഥാപനത്തിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് കണ്ടെടുത്തതെന്നും, ടി സാഹചര്യത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി "സെൻഷർ" നൽകിക്കൊണ്ട് തീർപ്പാക്കിയ ഉത്തരവ് പുനഃപരിശോധിക്കണമെന്നും അപേക്ഷിച്ചിരുന്നു.

3) നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ.അഗസ്റ്റിൻ ജോസഫ്.കെ യുടെ പ്രതിവാദപത്രിക പരിശോധിച്ചതിൽ 02.09.2019-ന് നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ചുമതലയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതും ചുമതല ഒഴിഞ്ഞ് 180 ദിവസം

കഴിഞ്ഞാണ് മലബാർ ക്ലബ് എന്ന സ്ഥാപനത്തിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് കണ്ടെടുക്കുന്നതെന്നും കൂടാതെ ടിയാന്റെ പേരിൽ നാളിതുവരെ യാതൊരു വിധത്തിലുള്ള വകുപ്പുതല അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ ഉണ്ടായിട്ടില്ലാത്തതാണെന്നും ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നതാണെന്നും, ടി ഉദ്യോഗസ്ഥരുടെ അധികാര പരിധിയിൽ നിയമലംഘനം നടന്നത് തടയുന്നതിന് ടിയാന്മാരുടെ ഭാഗത്ത് നിന്നും മേൽനോട്ടക്കുറവും വീഴ്ചയും ഉണ്ടായിട്ടുണ്ടെന്നതിനാലാണ് ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ പരാമർശം (1) പ്രകാരം തീർപ്പാക്കിയതെന്നും, നിലമ്പൂർ എക്സ്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ അഗസ്റ്റിൻ ജോസഫ് 02/09/2019-ന് നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് 180 ദിവസം കഴിഞ്ഞാണ് മലബാർ ക്ലബ്ബ് എന്ന സ്ഥാപനത്തിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് കണ്ടെടുത്തതെന്നും ടി സാഹചര്യത്തിലാണ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി "സെൻഷർ" നൽകിക്കൊണ്ട് തീർപ്പാക്കിയതിനെതിരെ ടിയാൻ അപ്പീൽ സമർപ്പിക്കാൻ ഇടയായതെന്നും നിലവിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായ ശ്രീ.അഗസ്റ്റിൻ ജോസഫ് നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് 6 മാസം കഴിഞ്ഞുള്ള പരിശോധനയോടനുബന്ധിച്ച് മലബാർ ക്ലബ്ബിൽ അബ്കാരി നിയമ ലംഘനം നടന്നതായി കണ്ടെത്തി എന്നതിനാൽ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ എക്സ്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ അഗസ്റ്റിൻ ജോസഫ് 02/09/2019-ന് നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ നിന്നും വിടുതൽ ചെയ്ത് 180 ദിവസം കഴിഞ്ഞാണ് മലബാർ ക്ലബ്ബ് എന്ന സ്ഥാപനത്തിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് കണ്ടെടുത്തതെന്ന് ബോധ്യമാകുന്നു. പ്രസ്തുത സാഹചര്യത്തിൽ, മലബാർ ക്ലബ്ബ് എന്ന സ്ഥാപനത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ടിയാന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി എന്ന നിഗമനത്തിൽ എത്തിച്ചേരുന്നത് ഉചിതമാണെന്ന് കാണുന്നില്ല.

5) മേൽ സാഹചര്യത്തിൽ,നിലമ്പൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ അഗസ്റ്റിൻ ജോസഫിനെതിരേ നിലവിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ) ആരംഭിച്ച അച്ചടക്കനടപടി "സെൻഷർ" നൽകിക്കൊണ്ട് തീർപ്പാക്കിയ ഉത്തരവ് പുനഃപരിശോധിച്ച് ഈ വിഷയത്തിൽ സ്വീകരിച്ച അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ പൂർണമായി ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ.അഗസ്റ്റിൻ ജോസഫ്,ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ.(എക്സൈസ് കമ്മീഷണർ മുഖേന)

3) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ)

കേരളം,തിരുവനന്തപുരം

4) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese V A

Date: 16-03-2024 16:33:52

സെക്ഷൻ ഓഫീസർ